# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.239** **27/02/2017-ൽ മറുപടിക്ക്**

**സ്കൂബ ടീമംഗങ്ങളുടെ റിസ്ക് അലവൻസ്**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി :** | | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | അഗ്നിശമന വകുപ്പിനു കീഴിലുള്ള സ്കൂബ ടീമംഗങ്ങൾ 2016 വർഷത്തിൽ എത്ര രക്ഷാ പ്രവർത്തനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്; ഇവർക്ക് ഏതെല്ലാം ബഹുമതികളാണ് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) അഗ്നിശമന വകുപ്പിന് കീഴിലുള്ള സ്കൂബാ ടീമംഗങ്ങൾ 2016 വർഷത്തിൽ 157 രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ഇവർക്ക് ക്യാഷ് റിവാർഡ്, കമന്റേഷൻ സർട്ടിഫിക്കറ്റ് എന്നിവ നൽകിയിട്ടുണ്ട്. |
| ബി) | ഇത്തരം ബഹുമതികളോടൊപ്പം ഓരോ അംഗത്തിനും നൽകുന്ന സാമ്പത്തിക ആനുകൂല്യം എത്രയാണെന്ന് വ്യക്തമാക്കാമോ; നിലവിൽ നൽകിവരുന്ന ഈ ആനുകൂല്യം തീരെ തുച്ഛമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സ്കൂബാ അംഗങ്ങൾക്ക് 50/- രൂപ, 100/- രൂപ എന്നിങ്ങനെ ക്യാഷ് റിവാർഡാണ് നൽകി വരുന്നത്. ഇത് ഇവർ നടത്തുന്ന ആത്മാർത്ഥ സേവനത്തിനുള്ള പ്രോത്സാഹനമാണ്. അതിനെ ആനുകൂല്യമായി കണക്കാക്കേണ്ടതില്ല. |
| സി) | അതീവ സാഹസികമായ രക്ഷാ ദൗത്യത്തിൽ ഏർപ്പെടുന്ന സ്കൂബ ടീമംഗങ്ങൾക്ക് സേനയിലെ മറ്റംഗങ്ങൾക്ക് ഉള്ളതിനെക്കാൾ കൂടുതൽ റിസ്ക് ഏറ്റെടുക്കേണ്ടി വരുന്നുണ്ടെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; | സി) ഉണ്ട് |
| ഡി) | മറ്റ് സേനാംഗങ്ങൾക്ക് നൽകുന്നതിന് തുല്യമായ റിസ്ക് അലവൻസ് മാത്രം ഇവർക്ക് നൽകുന്നത് ന്യായമല്ലെന്ന കാര്യം പരിശോധിക്കുമോ; സ്കൂബ ടീമംഗങ്ങൾ ഏറ്റെടുക്കേണ്ടി വരുന്ന ജോലിയുടെ പ്രത്യേക റിസ്ക് പരിഗണിച്ച് റിസ്ക് അലവൻസ് വർദ്ധിപ്പിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ ? | ഡി) സ്കൂബാ ടീമംഗങ്ങൾ ഏറ്റെടുക്കേണ്ടി വരുന്ന ജോലിയുടെ പ്രത്യേക റിസ്ക് പരിഗണിച്ച് അലവൻസ് അനുവദിക്കുന്നത് സംബന്ധിച്ച് ഫയർ & റെസ്ക്യു ഡയറക്ടർ ജനറലിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ